പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3246      25 .06.2012 - ലെ മറുപടിക്ക്

## പി.എസ്.സി. പരീക്ഷ എഴുതുന്നതിനുള്ള മാനദണ്ഡം സംബന്ധിച്ച വിശദാംശം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് നടന്ന പി.എസ്.സി. യോഗ്യതാ പരിഷ്കരണത്തിലൂടെ എസ്.എസ്.എൽ.സി മാത്രം പാസ്സായ ഉദ്യോഗാർത്ഥിയേക്കാൾ കൂടുതൽ അവസരം എസ്.എസ്.എൽ.സി പാസ്സാകാത്തവർക്കുണ്ട് എന്ന കാര്യം ശ്രദ്ധയിൽവന്നിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) ഉണ്ടെങ്കിൽ, എസ്.എസ്.എൽ.സി പാസ്സാകാത്തവർക്കും, എസ്.എസ്.എൽ.സി മാത്രം പാസ്സായവർക്കും ഏതെല്ലാം പരീക്ഷകൾക്ക് അപേക്ഷിക്കാം എന്ന് വ്യക്തമാക്കുമോ ; | (ബി) ബാധകമല്ല |
| (സി) പ്രീഡിഗ്രി നിലവിലുള്ള കാലത്ത് പ്ലസ് ടു സ്കൂളിലെ പോലെ എല്ലാ വിദ്യാർത്ഥികൾക്കും പഠിക്കുവാനുള്ള സർക്കാർ സീറ്റ് ഇല്ലായിരുന്നു എന്ന കാര്യം അറിയാമോ ; | (സി) യും (ഡി) യും |
| (ഡി) ഇത് മൂലം പിന്നോക്ക ജില്ലക്കാർക്കും, തീരദേശ മേഖലയിലേയും, പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളും എസ്.എസ്.എൽ.സി പാസ്സായി പഠനം നിർത്തുകയോ, പ്രീഡിഗ്രി പാസ്സാകാത്തവരോ, കെ.ജി.റ്റി.ഇ, എൽ.ബി.എസ്. പോലുള്ള ടെക്നിക്കൽ പഠനം പൂർത്തിയാക്കിവരോ ആണെന്ന കാര്യം അറിയാമോ ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത വിഭാഗത്തിൽപ്പെട്ട 30 വയസ്സും അതിന് മുകളിലും പ്രായമായവർക്ക് എൽ.ഡി.സി, എൽ.ഡി. ടൈപ്പിസ്റ്റ്, സെക്രട്ടേറിയറ്റ് ടൈപ്പിസ്റ്റ് തുടങ്ങിയ തസ്തികകളിൽ അപേക്ഷിക്കാൻ യോഗ്യത പരിഷ്കരിച്ചത് പ്ലസ് ടു ആയതിനാൽ 1.1.1983 - ന് മുമ്പ് ജനിച്ചവർക്ക് യോഗ്യതയിൽ ഇളവ് വരുത്തി സർക്കാർ ജോലി ലഭിക്കാനുള്ള അവസരം നൽകുന്ന കാര്യം പരിഗണിക്കുമോ ? | (ഇ) | ഇപ്പോഴം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ